പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 2119 | 13/06/2019 ൽ മറുപടി നല്കേണ്ടത്. |
|---|---|

**ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിശോധന കാര്യക്ഷമമാക്കാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഒ. രാജഗോപാൽ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഭക്ഷ്യ സുരക്ഷാവകുപ്പ് നടത്തുന്ന പരിശോധന കാര്യക്ഷമമല്ലെന്ന ആക്ഷേപത്തിന്മേൽ സ്വീകരിച്ചു വരുന്ന പരിഹാര നടപടികൾ വ്യക്തമാക്കുമോ ; | എ) | ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഭക്ഷ്യ സുരക്ഷാവകുപ്പ് നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ആഘോഷവേളകളിലും ഉത്സവ സീസണുകളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനയിൽ വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും തുടർ പരിശോധനയിൽ അവ ഉറപ്പുവരുത്താറുമുണ്ട്. തുടർ പരിശോധനയിലും 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ലൈസൻസ് റദ്ദ് ചെയ്ത് സ്ഥാപനം അടച്ച് പൂട്ടുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയക്കുകയും പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ അഡ്ജുഡിക്കേഷൻ / പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | പരിശോധനയിൽ ക്രമക്കേടുകളും വൃത്തിരാഹിത്യവും കണ്ടെത്തുന്ന ഹോട്ടലുകൾക്ക് എതിരെ കാര്യമായ നടപടികളൊന്നും സ്വീകരിക്കുന്നില്ല എന്നും ഉദ്യോഗസ്ഥരും ഹോട്ടൽ ഉടമകളും ചേർന്നുള്ള ഒത്തുകളി നടക്കുന്നതായും ഉള്ള ആക്ഷേപങ്ങൾ പരിഹരിക്കുവാൻ കർശന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ബി) | ഇത്തരം നടപടികൾ ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ